# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 853 — 08.03.2012-ൽ മറുപടിക്ക്

## സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് മിനിമം വേജസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ശിവദാസൻനായർ:<br>ശ്രീ. കെ.അച്ചുതൻ:<br>ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്ക് മിനിമം വേജസ് നിശ്ചയിക്കുന്നതിനും നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്ക് മിനിമം വേജസ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.16/12/2009 ലെ ജി.ഒ.(എം.എസ്) 174/09/തൊഴിൽ നമ്പർ ഉത്തരവായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് നടപ്പാക്കുന്നതിന് വേണ്ടി 12/12/2011 മുതൽ സംസ്ഥാനത്തിലെ പ്രൈവറ്റ് ഹോസ്പിറ്റലുകൾ സ്ക്വാഡ് മുഖേന പരിശോധിച്ച് മിനിമം വേതനം നൽകുന്നുണ്ടോയെന്നു ഉറപ്പുവരുത്തുകയും നിയമ ലംഘനങ്ങൾ പരിഹരിക്കാത്തവർക്കെതിരായി ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യാൻ നിർദ്ദേശിക്കുകയും നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) മിനിമം വേജസ് നടപ്പാക്കാത്ത ആശുപത്രി മാനേജുമെന്റുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; | (ബി) ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യാൻ നടപടിയെടുത്തുവരുന്നു. |
| (സി)സ്വകാര്യമേഖലയിലെ നഴ്സുമാർക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും തൊഴിൽ സമ്മർദ്ദങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ നേഴ്സുമാർക്ക് തൊഴിൽപരമായ സമ്മർദ്ദം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ ?

(ഡി) നിയമപ്രകാരമുള്ള ജോലി സമയവും മിനിമം കൂലിയും ഉറപ്പാക്കുകയാണെങ്കിൽ വളരെയേറെപ്രശ്നങ്ങൾ ഒഴിവാകുന്നതാണ്. സ്ക്വാഡ് പരിശോധനകളിലൂടെയും ഇവ ഉറപ്പാക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ